"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സരള രാജന് ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2405/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-
1. 28/04/2023 ലെ വാളകം ഗ്രാമപഞ്ചായത്തിലെ 3.1 നമ്പർ യോഗ തീരുമാനം.
2. 19/10/2023 ലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷന്റെ 4446/സി.സി/2019/ലൈഫ്(3) നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 26/10/2023-ൽ നടന്ന യോഗത്തിന്റെ നടപടികുറിപ്പിലെ 2.7 ഖണ്ഡിക (4.25 ) തീരുമാനം

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി സരള രാജൻ, ആൽപാറയിൽ 2020 -ലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിക്ക് 2006-07 ൽ വീട് നിർമ്മിക്കുന്നതിന് 69600 രൂപ ധനസഹായം നൽകിയിരുന്നു. കട ബാധ്യതയും രോഗവും മൂലം സ്ഥലവും വീടും വിൽക്കേണ്ടിവന്നു. ഒരിക്കൽ ആനുകൂല്യം ലഭിച്ചു എന്ന കാരണത്താൽ ഇപ്പോഴത്തെ ലിസ്റ്റിൽ നിന്നും ഒഴിവാക്കരുതെന്നും, വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകണമെന്നും സർക്കാരിനോടഭ്യർത്ഥിക്കുവാൻ പരാമർശം 1 പ്രകാരം വാളകം ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയുണ്ടായി. ടി.കുടുംബത്തിന് ഭവന നിർമ്മാണാനുകൂല്യം ലഭിച്ചത് 15 വർഷങ്ങൾക്കു മുൻപാണെന്നും സർക്കാരിന്റെ ഭവന നിർമ്മാണ ധന സഹായത്താൽ നിർമ്മിച്ച വീട്,രോഗം മൂലമുള്ള കടബാദ്ധ്യതയാലാണ് വിൽക്കേണ്ടി വന്നതെന്നു പരിഗണിച്ചും ശ്രീമതി സരള രാജന് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകാമെന്ന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തു.

26/10/2023 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റി

യോഗം ഈ വിഷയം പരിശോധിച്ചു. എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സരള രാജന് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത്, എറണാകുളം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 06-12-2023 12:28:34
സെക്ഷൻ ഓഫീസർ